താമരശ്ശേരി ഡി.ഇ.ഒ. ഓഫീസിൽ ജീവനക്കാരുടെ അപര്യാപ്തത

68 (7035) ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിലെ താമരശ്ശേരി ഡി.ഇ.ഒ. ഓഫീസിൽ ജീവനക്കാരുടെ അപര്യാപ്തതമൂലം ഓഫീസ് പ്രവർത്തനത്തിനുണ്ടാകുന്ന പ്രയാസങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ആവശ്യമായ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) 10-7-2014-ലെ. സ.ഉ.(സാധാ) നം.2740/2014/പൊ.വി.വ പ്രകാരം താമരശ്ശേരി ജില്ലാ വിദ്യാഭ്യാസ ഓഫീസിന്റെ സുഗമമായ പ്രവർത്തനത്തിനായി മേലടി, വടകര, നാദാപുരം, എന്നീ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിൽ നിന്നും ഓരോ ക്ലാർക്ക് തസ്തികയും മേപ്പയൂർ ജി.എച്ച്.എസ്.ൽ നിന്നും ഒരു ഹെഡ് ക്ലാർക്ക് തസ്തികയും താമരശ്ശേരി ജില്ലാ വിദ്യാഭ്യാസ ആഫിസിലേയ്ക്ക് പുനർവിന്യസിച്ചുകൊണ്ട് ഉത്തരവായിട്ടുണ്ട്.

വിദ്യാഭ്യാസ വകുപ്പിൽ ക്ലാസ് IV ജീവനക്കാർക്ക് സ്ഥാനക്കയറ്റം

69 (7036) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ ഉത്തരവ് നമ്പർ 1/2014 ഉ.ഭ.വ. തീയതി 3-1-2014 പ്രകാരം പൊതുവിദ്യാഭ്യാസ വകുപ്പിൽ എത്ര ശതമാനം ക്ലാസ്സ് IV ജീവനക്കാർക്ക് സ്ഥാനക്കയറ്റം ലഭിച്ചു എന്നത് വിശദമാക്കാമോ ;

(ബി) പൊതുവിദ്യാഭ്യാസ വകുപ്പിൽ ക്ലാസ്സ് IV ജീവനക്കാരുടെ സീനിയോറിറ്റി ലിസ്റ്റ് അംഗീകരിച്ചിട്ടുണ്ടോ ; ഇത് പ്രകാരം എത്ര പേർക്ക് സ്ഥാനക്കയറ്റം ലഭിച്ചു ; സീനിയോറിറ്റി ലിസ്റ്റിലെ ക്രമനമ്പരിൽ എത്രവരെയുള്ള ജീവനക്കാർക്ക് പ്രൊമോഷൻ ലഭിച്ചു എന്നും വിശദമാക്കാമോ ;

(സി) 10% പ്രൊമോഷൻ ഉത്തരവ് നടപ്പാക്കുന്നതിൽ വിദ്യാഭ്യാസ വകുപ്പിൽ വേണ്ടത്ര പുരോഗതി ഉണ്ടായിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ഉത്തരം

(എ) ആർക്കും സ്ഥാനക്കയറ്റം നൽകിയിട്ടില്ല.

(ബി&സി) പൊതുവിദ്യാഭ്യാസ വകുപ്പിൽ ക്ലാസ് IV ജീവനക്കാർക്ക് പത്ത് ശതമാനം സ്ഥാനക്കയറ്റം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. താൽക്കാലിക സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly